## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 116** **18.03.2013 ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം-ആളിയാർ കരാർപ്രകാരമുള്ള ജലം ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ. ഉമ്മൻചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം കേരളത്തിനു ലഭിക്കാനുള്ള ജലം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | നടപ്പുജലവർഷത്തിൽ (2012-13)-ൽ ഫെബ്രുവരി അവസാനം വരെയുള്ള കാലയളവിൽ കേരളത്തിന് പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർപ്രകാരം ലഭിക്കേണ്ട ജലം പൂർണ്ണമായി ലഭ്യമാക്കുവാൻ കേരളം തമിഴ്നാട് സർക്കാരിനോട് ഔദ്യോഗിക തലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രി തലത്തിലും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ തമിഴ്നാട് നടത്തുന്ന കരാർ ലംഘനങ്ങൾക്കെതിരായി ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികളും എടുത്തുവരുന്നു. കൂടാതെ പ്രശ്ന പരിഹാരത്തിനായി ഇരു സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ തമ്മിലുള്ള ചർച്ചകൾക്കുള്ള സാധ്യതയും ആരാഞ്ഞിട്ടുണ്ട്. |
| (ബി) പ്രസ്തുത കരാർ അനുസരിച്ച് ചാലക്കുടിപ്പുഴയിലെ കേരള ഷോളയാറിൽ തമിഴ്നാട് വെള്ളം നിറയ്ക്കാത്തത് വൈദ്യുതി ഉൽപ്പാദനത്തേയും കുടിവെള്ള ലഭ്യതയേയും ജലസേചനത്തേയും ഗുരുതരമായി ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉണ്ട്. കേരള ഷോളയാറിൽ കരാറനുസരിച്ച് ജലം നിലനിർത്താത്ത പ്രശ്നം തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ